# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1130** **02.03.2017-ൽ മറുപടിക്ക്**

**പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാത**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം ആധുനിക രീതിയിൽ പുനർനിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; | (എ) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡിന്റെ Pre qualificaiton tender വിളിച്ച് സൂക്ഷ്മ പരിശോധന കഴിഞ്ഞിട്ടുണ്ട്. ഇതിൽ യോഗ്യത നേടിയവരുടെ ലിസ്റ്റ് സ്റ്റീയറിംഗ് കമ്മിറ്റിയിൽ വച്ച് അംഗീകാരം നേടിയിട്ടുണ്ട്. ഇതിന് ലോകബാങ്കിന്റെ NOC കിട്ടുന്ന മുറയ്ക്ക്മാത്രമേ ഫിനാൻഷ്യൽ ബിഡ് ക്ഷണിക്കാൻ കഴിയുകയുള്ളൂ. |
| (ബി) റോഡിന്റെ വികസനത്തിന് ആവശ്യമായ മുഴുവൻ ഭൂമിയും ലഭിച്ചിട്ടും നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്യാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) ആദ്യത്തെ ടെണ്ടർ സിംഗിൾ ഓഫറായിരുന്നതിനാൽ നിരാകരിക്കേണ്ടിവന്നു. രണ്ടാമത്തെ ടെണ്ടർ പരിശോധിച്ചു വരുന്നു. പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ കൂടുതൽ നടപടി ക്രമങ്ങളുള്ളതിനാൽ കൂടുതൽ സമയം വേണ്ടി വരുന്നു. |
| (സി) ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) Pre qualification-ൽ യോഗ്യത നേടിയ കരാറുകാരുടെ ലിസ്റ്റിന് ലോകബാങ്കിൽ നിന്ന് NOC കിട്ടുന്ന മുറയ്ക്ക്മാത്രമേ ഫിനാൻഷ്യൽ ബിഡ് ക്ഷണിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ സൂക്ഷ്മ പരിശോധന കഴിഞ്ഞ് യോഗ്യത നേടിയ കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് ഓക്ടോബർ-നവംബർ മാസത്തോടെ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ